# ശ്രീ പിഷാരികാവ് ദേവസ്വം
## മലബാർ ദേവസ്വം ബോർഡ്.
(പി.ഒ) കൊല്ലം, പിൻ – 673307,
കൊയിലാണ്ടി താലൂക്ക്, കോഴിക്കോട്.

പി.ഡി.05/22. 10.01.2022.

## പെയിന്റിങ്ങ് ലേബർ ചാർജ് ക്വട്ടേഷൻ.

ശ്രീ പിഷാരികാവ് ക്ഷേത്രവും അനുബന്ധ കെട്ടിടങ്ങളും, സ്ഥലങ്ങളും, സസ്യാഭോജനശാല കെട്ടിടം, പീടിക മുറി, കവാടങ്ങൾ, മുഖാരങ്ങൾ, എന്നിവ വെള്ളവലി പെയിന്റിങ്ങ് ചെയ്യുന്നതിന് എന്ത് ചാർജിന് ചെയ്തു തരും എന്ന് കാണിച്ചു കൊണ്ടുള്ള സീലു വെച്ച ക്വട്ടേഷനുകൾ 2022 ജനവരി 20ന് രാവിലെ 11 മണിക്ക് മുൻപ് ലഭിക്കത്തക്ക വിധത്തിൽ പ്രവൃത്തി ചെയ്തു പരിചയമുള്ള ആളുകളിൽ നിന്നും ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്ന ആളുകൾ 2000 രൂപ നിരതദ്രവ്യം കെട്ടി വെക്കേണ്ടതാണ്.

### പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കാണിക്കുന്നു.

ക്വട്ടേഷൻ ലഭിക്കുന്ന ആൾ ശ്രീ പിഷാരികാവ് ക്ഷേത്രത്തിലെ ശ്രീകോവിലുകൾ, മണ്ഡപം, നാലമ്പലം, പള്ളിയറ, നടപ്പന്തലുകൾ, തറകൾ, ചുറ്റുമതിൽ, ഏവറോട്ട, വഴിവാട് കൗണ്ടർ, വിശ്രമ മന്ദിരം, ഓഫീസ് കെട്ടിടം, കംഫർട്ട് സ്റ്റേഷൻ, സസ്യഭോജനശാല( താഴെ ഭാഗവും, മുകൾ ഭാഗവും, ഷട്ടറുകൾ ഉൾപ്പെടെ) ഷോപ്പ് ബിൽഡിങ്ങ് (ഷട്ടറും, സൺഷെയ്ഡും ഉൾപ്പെടെ) കാവ് മതിലിന്റെ പുറം(കാഴ്ച ഭാഗങ്ങൾ), കവാടങ്ങൾ (കൊല്ലം ടൗൺ, ആനക്കുളങ്ങര, കൊല്ലം ചിറ) തുടങ്ങിയ കെട്ടിടങ്ങളും സ്ഥലവും വെള്ളവലി, പെയിന്റിങ്ങ്, പോളീഷ്, വാർണീഷ് എന്നിവ ചെയ്യലും, പത്തായപ്പുര പെയിന്റ് ചെയ്യലുമാണ് പ്രവർത്തി. ശിവ ശ്രീകോവിലിന്റെ തറ കറുപ്പ് ഇനാമൽ പെയിന്റും, ശിവ ഭഗവതി ഗണപതി അയ്യപ്പ ശ്രീകോവിലുകളുടേയും, ഗുരുതിപ്പുരയുടേയും, നാലമ്പലത്തിന്റെ പുറം ഭാഗത്തേയും ചുമരുകൾ ചുണ്ണാമ്പ് ഉപയോഗിച്ച് വെള്ള വലിക്കുകയും നാലമ്പലത്തിന്റെ ചുമരിന് വൈറ്റ് എമൽഷൻ പെയിന്റും, നാലമ്പലത്തിന്റെ അകത്തെ പന്തലിന്റെ തൂണുകൾക്കും ട്രസ്സുകൾക്കും, പൈപ്പുകൾക്കും, പി.വി.സി. പാത്തിക്കും ഇനാമൽ പെയിന്റും, ഭഗവതി ശ്രീകോവിലിന്റെ സോപാനത്തിന് മുകൾ ഭാഗത്തെ നവഗണ്ഡ തട്ടിനും, അതിലെ രൂപങ്ങൽക്കും, ഇരു പുറത്തുമുള്ള ദ്വാര പാലകന്മാർക്കും, നാലു ഭാഗത്തുമുള്ള മരത്തിന്റെ ജാളികളും നാലമ്പലത്തിനകത്തെ തൂണുകളും, ഗണപതി അയ്യപ്പ ശ്രീകോവിലുകളുടെ കട്ടിള, വാതിൽ എന്നിവയും ഭഗവതി ശ്രീകോവിലിന്റെ രണ്ടു ഭാഗത്തുമുള്ള മുഖാരങ്ങളും, നാലമ്പലത്തിന്റെ രണ്ട് മുഖാരങ്ങളും പള്ളിയറയുടെ മുഖാരവും ക്ലിയർ വാർണീഷും പെയിന്റും ചെയ്യേണ്ടതാണ്. പള്ളിയറ, കാരണവർ തറ, ചെട്ടിത്തറ, ഏവറോട്ട, പത്തായപ്പുര, നടപ്പന്തലുകൾ, വഴിവാട് കൗണ്ടർ, വിശ്രമ മന്ദിരം, സസ്യഭോജനശാല കെട്ടിടം (താഴെ ഭാഗവും മുകൾ ഭാഗവും, ഷട്ടറുകളും ഗ്രില്ലു

ഷട്ടറും ഉൾപ്പെടെ) കോൺക്രീറ്റ് സ്ട്രക്ചർ, ഷോപ്പ് ബിൽഡിങ്ങ് (ഷട്ടറും, സൺഷെയ്ഡും ഉൾപ്പെടെ) കാവ് മതിലും (കാഴ്ച ഭാഗങ്ങൾ) ഗേറ്റും, കാവിലെ കിണർ, പമ്പ് ഹൗസ്, അരിക്കളം, കാളിയാട്ട പറമ്പിലെ കിണർ, വേപ്പിൻ തറ, ആൽത്തറ, അരയാൽ തറ തുടങ്ങിയവയും മുൻ കാലങ്ങളിൽ ചെയ്തു വരാറുള്ള മറ്റ് സ്ഥലങ്ങളിലും വെള്ളവലി, പെയിന്റിങ്ങ്, വാർണീഷ്, പോളിഷ് എന്നിവ ചെയ്യലും ചുറ്റമ്പലത്തിന്റെയും, എവറോട്ട, വിശ്രമ മന്ദിരം, വഴിപാട് കൗണ്ടർ ഓഫീസ് കെട്ടിടം, എന്നിവിടങ്ങളിലെ ഓടിന് ടെറാകോട്ട ടൈൽ ഗാഡ് എമൽഷൻ പെയിന്റ് ചെയ്യലും, ചുറ്റുമതിലിന്റെ തൂണുകൾക്ക് മെറ്റാലിക് കോപ്പർ എമൽഷൻ പെയിന്റും, കൈവരിക്ക് M.R.F. ഗോൾഡ് പെയിന്റും ഗേറ്റുകൾക്ക് മാറ്റ് പെയിന്റും ചുറ്റുമതിലിന്റെ കരിങ്കല്ലിന് ക്ലീൻ ചെയ്ത് ക്ലിയർ വാർണീഷും, വടക്ക് ഭാഗത്തെ അരയാൽ തറ ക്ലീൻ ചെയ്ത് ക്ലിയർ വാർണീഷും ചെയ്യണം. തെങ്ങാകൂടിന്റെ ഗ്രില്ലുകൾ, ദേവസ്വം സ്ട്രീറ്റ് ലൈറ്റിന്റെ പോസ്റ്റുകൾ, ഇരുമ്പ് ഏണി, ഹർബാനകൾ എന്നിവ ഇനാമൽ പെയിന്റ് ചെയ്യുകയും വേണം. ഭണ്ഡാരങ്ങൾ പെയിന്റ് ചെയ്ത് നമ്പർ ഇടുകയും എഴുതുകയും വേണം. കവാടങ്ങൾ മുന്ന് എണ്ണവും നിലവിലുള്ള അതേ വിധത്തിലും, നിറത്തിലും ഇനാമൽ പെയിന്റ് ചെയ്യുകയും വേണം. പ്രവൃത്തി 10.03.2022ന് മുൻപ് തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.പ്രവൃത്തിയുടെ ചാർജിൽ നിന്നും ഒരു ശതമാനം ഇൻകംടാക്സ് ഈടാക്കുന്നതാണ്. പ്രവൃത്തി സംബന്ധിച്ച് ദേവസ്വത്തിൽ നിന്നുള്ള അതാത് സമയത്തെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രവൃത്തി ഏറ്റെടുത്തവർ ബാധ്യസ്ഥരാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ ദേവസ്വം നിർദ്ദേശിക്കുന്ന നിബന്ധനകൾ 200 രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി വെക്കേണ്ടതാണ്.

13/1/2022

Executive Officer
SREE PISHARIKAVU DEVASWAM
P.O.KOLLAM, KOYILANDY

പകർപ്പുകൾ
1. നോട്ടീസ് ബോർഡ്.
2. വഴിപാട് കൗണ്ടർ.
3. ദേവസ്വം വെബ്സൈറ്റ്.
4. അധികം